# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2111 — 18-07-2016-ൽ മറുപടിക്ക്

## തിരുവനന്തപുരം - മംഗലാപുരം അതിവേഗ റെയിൽപാതാ പദ്ധതി

**ചോദ്യം**

ശ്രീ. ജെയിംസ് മാത്യു
ശ്രീ. വി.അബ്ദുറഹിമാൻ
ശ്രീ. വി.കെ.സി.മമ്മത് കോയ
ശ്രീ. സി.കെ.ഹരീന്ദ്രൻ

(എ) തിരുവനന്തപുരം - മംഗലാപുരം അതിവേഗ റെയിൽപാതാ പദ്ധതി പരിഗണനയിലുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ ;

(ബി) റെയിൽവേ പുതുതായി പ്രഖ്യാപിച്ചിട്ടുള്ള സംയുക്ത സംരംഭ മാതൃകയിൽ സംസ്ഥാനവും റെയിൽവേയും ചേർന്ന് നടപ്പാക്കിയ നവീകരണവും പാതയിരട്ടിപ്പിക്കാൻ ബാക്കി നിൽക്കുന്ന ഭാഗത്തെ പണിയും പൂർത്തിയാക്കി റോൾ ഓൺ റോൾ ഓഫ് സംവിധാനവും ഏർപ്പെടുത്തിയാൽ അതിവേഗ റെയിൽപാതാ പദ്ധതിയുടെ അഞ്ചു ശതമാനത്തിൽ താഴെ തുക കൊണ്ട് നിലവിലെ യാത്രാ സൗകര്യവും ചരക്ക് ഗതാഗതവും പതിൻമടങ്ങ് വർദ്ധിപ്പിക്കാനും യാത്രാ സമയം ഗണ്യമായി കുറയ്ക്കാനും സാധിക്കുമെന്ന നിർദ്ദേശം പഠന വിധേയമാക്കാൻ തയ്യാറാകുമോ ?

**ഉത്തരം**

ശ്രീ. ഇ.പി.ജയരാജൻ
(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)

(എ) ഉണ്ട്. അതിവേഗ റെയിൽ കോറിഡോർ പദ്ധതി 2009-10 ബജറ്റ് പ്രസംഗത്തിലാണ് അവതരിപ്പിച്ചത്. 10/02/2010 ൽ കൂടിയ മന്ത്രിസഭായോഗം ഈ പദ്ധതിക്ക് അംഗീകാരം നൽകി. ഇതിനായി കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ രൂപീകരിക്കുകയും ഡി.എം.ആർ.സി.യെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ കരട് 08/07/2016 ൽ കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷനിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ